**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി കെൽട്രോൺ ടെൻഡർ വിളിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | **ടെൻഡറുകൾ വിളിച്ചിരുന്നു.** |
| (ബി) | ഇത് സംബന്ധിച്ച് കെൽട്രോൺ പ്രസിദ്ധീകരിച്ച ടെൻഡർ ഡോക്യുമെന്റിൽ സാങ്കേതികമായും സാമ്പത്തികമായും യോഗ്യതയുള്ള ഒറിജിനൽ ഇക്വിപ്മെന്റ് മാനുഫാക്ചറർ (ഒ.ഇ.എം.) അല്ലെങ്കിൽ ഒ.ഇ.എം.ന്റെ അംഗീകൃത വെണ്ടർക്ക് മാത്രമേ ടെൻഡർ നൽകാൻ സാധിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിരുന്നോ; | (ബി) | നിഷ്കർഷിച്ചിരുന്നു. |
| (സി) | കെൽട്രോണിന്റെ പ്രസ്തുത ടെൻഡർ നേടിയ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം ഒ.ഇ.എം. അല്ലെങ്കിൽ ഒ.ഇ.എം.ന്റെ അംഗീകൃത വെണ്ടർ ആണോ എന്ന് വ്യക്തമാക്കാമോ; | (സി) | എസ്. ആർ. ഐ. ടി. എന്ന സ്ഥാപനം ഒ. ഇ. എം. ന്റെ അംഗീകൃത വെണ്ടർ ആണ്. കെൽട്രോണിന്റെ ടെണ്ടർ ഡോക്യുമെന്റിൽ എല്ലാ ഉപകരണങ്ങളുടെയും വിശദമായ സ്പെസിഫിക്കേഷനും, ടെക്നിക്കൽ ഡീറ്റയിൽസും നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ പ്രസ്തുത സ്പെസിഫിക്കേഷനുമായി യോജിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ അവർ സപ്ലൈ ചെയ്യുന്ന ഉപകരണങ്ങളുടെ മാനുഫാക്ചേഴ്സ് ഓതറൈസേഷൻ ഫോം (MAF) സമർപ്പിക്കാനും ടെണ്ടറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻപ്രകാരം എസ്. ആർ. ഐ. ടി. പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കെൽട്രോൺ ടെൻഡറിൽ നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫി-ക്കേഷനുമായി യോജിക്കുന്ന മാനുഫാക്ചേഴ്സ് ഓതറൈസേഷൻ ഫോം (MAF) സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ ഉപകരാർ സംബന്ധിച്ച | (ഡി) | എസ്. ആർ. ഐ. ടി. സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ ഉപകരാർ സംബന്ധിച്ച വിവരങ്ങൾ |

| | | | |
|---|---|---|---|
| | വിവരങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | | പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഉപകരാർ വ്യവസ്ഥകൾ എസ്. ആർ. ഐ. ടി. യും ഉപകരാറിൽ ഏർപ്പെട്ട സ്ഥാപനങ്ങളും തമ്മിലാണ് നടപ്പിലാക്കേണ്ടത്. |

സെക്ഷൻ ഓഫീസർ